കേരള കാർഷിക സർവ്വകലാശാല
**അന്താരാഷ്ട്ര പുഷ്പമേള**
**2026 ജനുവരി 1 മുതൽ 15 വരെ**

# പൂപ്പൊലി 2026


പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം
അമ്പലവയൽ, വയനാട്
ഫോൺ: 04936 260421, 260561


കൃഷി വകുപ്പ്
കേരള സർക്കാർ

മഞ്ഞണിഞ്ഞ വയനാടിന്റെ മടിത്തട്ടിൽ കണ്ണിനും മനസ്സിനും നിറചാർത്തുകൾ നൽകാൻ പൂപ്പൊലി വീണ്ടും എത്തുന്നു. കേരള കാർഷിക സർവ്വകലാശാലയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പും ചേർന്നൊരുക്കുന്ന വർണ്ണവിസ്മയം, **പൂപ്പൊലി-2026**, അന്താരാഷ്ട്ര പുഷ്പമേള **2026 ജനുവരി 1 മുതൽ 15 വരെ** കൂടുതൽ മികവോടെ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ നടത്തുകയാണ്. ഒരു ദശകമായി കാഴ്ചക്കാരുടെ ഹൃദയത്തിൽ ഇടം നേടിയ പൂപ്പൊലിയുടെ 10-ാം പതിപ്പ് മികച്ചൊരു ദൃശ്യാനുഭവമായിരിക്കും. വർണ്ണ പുഷ്പങ്ങളുടെയും അലങ്കാര സസ്യങ്ങളുടെയും വൈവിധ്യമാർന്ന ഉദ്യാനമാണ് മേളയുടെ സവിശേഷത. പെറ്റൂണിയ, ഡാലിയ, ആസ്റ്റർ, ഡയാന്തസ്, മാരിഗോൾഡ്, സൺഫ്ലവർ, സീനിയ, കോസ്മോസ്, ഫ്ലോക്സ്, ലിലിയം, പാൻസി, സാൽവിയ, വെർബിന, ഗോംഫ്രിന, സ്റ്റോക്ക്, കലൻഡുല, പൈറോസ്റ്റീജിയ തുടങ്ങിയ പുഷ്പങ്ങളും ഡ്രസീന, കാലിഷ്യ, സെബ്രീന, റിയോ, സെഡം തുടങ്ങിയ അലങ്കാര ചെടികളും മേളയുടെ പ്രധാന ആകർഷണങ്ങളാണ്. കൂടാതെ വിവിധ പുഷ്പാലങ്കാര മാതൃകകൾ, ഫ്ലോറൽ ക്ലോക്ക്, ഭക്ഷ്യയോഗ്യമായ സസ്യങ്ങളുടെ അലങ്കാരോദ്യാനം, ടോപ്പിയറികൾ, ഫ്ലോട്ടിങ് ഗാർഡൻ, മെലസ്റ്റോമ ഗാർഡൻ, റോസ് ഗാർഡൻ, കുട്ടികൾക്കായുള്ള പാർക്ക്, പലതരം റൈഡുകൾ എന്നിവയും പ്രദർശനത്തിന്റെ മാറ്റ് കൂട്ടുന്നു.

മലയോര മേഖലയിലെ കാർഷിക പ്രശ്നങ്ങളും ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങളും ഉൾപ്പെടുത്തി വിദഗ്ധർ കൈകാര്യം ചെയ്യുന്ന കാർഷിക ശില്പശാലകളും സെമിനാറുകളും കാർഷിക ക്ലിനിക്കുകളും മേളയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നൂതന സാങ്കേതിക വിദ്യകളുടെയും മികച്ചയിനം നടീൽ വസ്തുക്കളുടെയും കാർഷിക ഉൽപന്നങ്ങളുടെയും പ്രദർശന, വിപണന മേളയും ഉണ്ടായിരിക്കുന്നതാണ്. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ, പ്രമുഖ കർഷകർ എന്നിവരുടെ സ്റ്റാളുകളും സന്ദർശകർക്കായി സജ്ജീക രിച്ചിട്ടുണ്ട്. പൂപ്പൊലിയുടെ ഭാഗമായി സായാഹ്നങ്ങളിൽ ദീപാലങ്കാരങ്ങളും കലാപരിപാടികളും ഒരുക്കിയിട്ടുണ്ട്. വിജ്ഞാനവും വിനോദവും പ്രദാനം ചെയ്യുന്ന ഈ വർണ്ണോത്സവത്തിലേക്ക് എല്ലാവരെയും ഹൃദയപൂർവം സ്വാഗതം ചെയ്യുന്നു.

സംഘാടക സമിതിക്കു വേണ്ടി

മുഖ്യരക്ഷാധികാരി
**ശ്രീ. പി. പ്രസാദ്**
(ബഹു. കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി & പ്രൊ. ചാൻസലർ, കേരള കാർഷിക സർവ്വകലാശാല)

ചെയർമാൻ
**ശ്രീ. ഐ.സി. ബാലകൃഷ്ണൻ**
(ബഹു. സുൽത്താൻ ബത്തേരി എം.എൽ.എ)

കൺവീനർ
**ഡോ. സി. കെ. യാമിനി വർമ്മ**
(അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് & ഡീൻ)


വിസ്മയം®
+91 99617 56426